15. സംരംഭകർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിലേക്കായി ഏകജാലക സംവിധാനത്തിലൂടെ സേവനം നൽകി വരുന്നു ;

16. ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ് തുടങ്ങിയവ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ആവശ്യമായ ലൈസൻസുകൾ കൂടാതെ പുതിയ സംരംഭകർക്ക് ആവശ്യമായ Hand holding service വ്യവസായ വകുപ്പ് മുഖേന നൽകി വരുന്നു.

(ബി) ചെറുകിട സൂക്ഷ്മ ഇടത്തരം സംരംഭ മേഖലയിൽ 5000 കോടി രൂപയാണ് നിക്ഷേപമായി ലക്ഷ്യമിട്ടിരുന്നത്.

(സി) അഞ്ചു വർഷങ്ങളിലായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചതുമൂലം ഉണ്ടായ നിക്ഷേപം 2863.5 കോടി രൂപയാണ്.

(ഡി) ഉത്തരം (എ)-യിൽ വിവരിച്ചിരിക്കുന്ന പദ്ധതികൾ ഇപ്പോൾ പര്യാപ്തമാണ്.

സൈലന്റ് വാലി ബഫർ സോൺ

220(927) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയോദ്യാനമായ സൈലന്റ് വാലിയുടെ ചുറ്റുമുള്ള വനമേഖലയെ ബഫർ സോണായി പ്രഖ്യാപിച്ചതിനെ തുടർന്ന് ഈ പ്രദേശം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ബഫർ സോണിൽ വനാശ്രിതസമൂഹത്തിന് പ്രയോജനകരമാകുന്ന ആവാസ വികസനപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പദ്ധതിപ്രദേശത്തെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സൈലന്റ് വാലി നാഷണൽ പാർക്കിന് ചുറ്റുമുള്ള ബഫർ സോണായി പ്രഖ്യാപിക്കപ്പെട്ട 148 ചകിമീറ്റർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. കർശനമായ പട്രോളിംഗ് നടത്തുകയും, ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കിയിട്ടുണ്ട്.

3. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിൻമേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

4. വനാശ്രിത സമൂഹങ്ങൾ, തദ്ദേശ വാസികൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവരുടെ സഹായത്തോടെ വേട്ടക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, അപ്രകാരം വിവരം നൽകുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും കുറ്റകൃത്യം കണ്ടെത്തുന്ന ജീവനക്കാർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

5. അന്യ സംസ്ഥാനങ്ങളോട് ചേർന്നുള്ള വനമേഖലകളിൽ സംയുക്ത പട്രോളിംഗ് നടത്തുകയും കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്നു.

(ബി) വനാശ്രിതസമൂഹത്തിന് പ്രയോജനകരമായി തീരുംവിധം ബഫർ സോണിൽ ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ, വനസംരക്ഷണ സമിതികൾ എന്നിവവഴി ദേശീയ വനവത്കരണ പദ്ധതി നാഷണൽ പാർക്ക് ആന്റ് സാങ്ചറി എന്ന പദ്ധതി എന്നിവ പ്രകാരം ആവാസ വികസന പരിപാടികൾ നടപ്പിലാക്കിവരുന്നു.

(സി) ജൈവവൈവിദ്ധ്യം മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുന്നതിനായി ഈ പ്രദേശം ഒരു വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ടൽക്കാടുകളുടെ സംരക്ഷണം

221(528) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര ഹെക്ടർ കണ്ടൽക്കാടുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly